**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, 1978-ലെ ഗുരുവായൂർ ദേവസ്വവുമായി ബന്ധപ്പെട്ട നിയമത്തിലെ മൂന്ന് വകുപ്പുകളിലെ ഭേദഗതിയാണിത്. ഗുരുവായൂർ ദേവസ്വം ആക്റ്റിലെ സെക്ഷൻ 9, 11(1), 17(3) എന്നിവയാണ് ഭേദഗതി ചെയ്യുന്നത്. പ്രധാനമായും ഗുരുവായൂർ ചരിത്ര പ്രസിദ്ധമായ ക്ഷേത്രമാണെന്ന് എല്ലാവർക്കുമറിയാം. അവിടത്തെ പ്രതിമാസ വരുമാനം അഞ്ച് കോടി രൂപ മുതൽ ആറര കോടി രൂപ വരെയാണ്. അവിടെ വിവിധ തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ട്. അതിലെ ചില കാര്യങ്ങളിൽ 1978-ലെ സാഹചര്യംവച്ച് നിശ്ചയിച്ചിരുന്നതിനാൽ അതിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. അതിലൊന്ന് ഗുരുവായൂർ ദേവസ്വത്തിലെ ഭരണസമിതിയിലെ മെമ്പർമാർക്കും ചെയർമാനുമുൾപ്പെടെ നിലവിൽ സിറ്റിങ് ഫീസും അലവൻസും നിലവിലില്ല എന്നുള്ളതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ് എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളാണ് കേരളത്തിലുള്ളത്. മറ്റെല്ലാ ദേവസ്വം ബോർഡുകളിലും സിറ്റിങ് ഫീസും അലവൻസും നിശ്ചയിച്ചിട്ടുണ്ടെങ്കിലും 1978-ലെ ഗുരുവായൂർ ദേവസ്വവുമായി

ബന്ധപ്പെട്ട നിയമത്തിൽ അത് ഉൾപ്പെടുത്തിയിരുന്നില്ല. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ അപേക്ഷ പരിഗണിച്ചുകൊണ്ടാണ് ആക്റ്റിന്റെ 9-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിനായി ഈ ബിൽ അവതരിപ്പിക്കുന്നത്. രണ്ടാമതായി, അയ്യായിരം രൂപ എന്നുള്ളത് അമ്പതിനായിരം രൂപ ചെലവഴിക്കാൻ അഡ്മിനിസ്ട്രേറ്റർക്ക് അധികാരം നൽകുന്നതുമായി ബന്ധപ്പെട്ട ഭേദഗതിയാണ്. ഇന്നത്തെ കാലഘട്ടത്തിൽ ടി തുക വളരെ പരിമിതമാണെന്ന കാര്യം മുൻനിർത്തിയാണ് ഇക്കാര്യം തീരുമാനിച്ചത്. അതുകൊണ്ടാണ് ഗുരുവായൂർ ദേവസ്വം ആക്റ്റിലെ 9, 11(1), 17(3) എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുന്നത്. ഈ ബിൽ സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

(ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ സീറ്റിലില്ലാത്തതിനാൽ 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം ഞാൻ ആദ്യമായി

രേഖപ്പെടുത്തുന്നു. ദേവസ്വം ബോർഡുകൾ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യം കേരളത്തിലെ ഹൈന്ദവ ക്ഷേത്രങ്ങളുടെയും അവയുടെ സ്വത്തുക്കളുടെയും ഭരണം, മേൽനോട്ടം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാണ്. നാട്ടുരാജ്യങ്ങളുടെ കാലത്ത് ക്ഷേത്രങ്ങൾ ക്ഷയിച്ചുതുടങ്ങിയിരുന്ന ഒരു ഘട്ടമുണ്ടായിരുന്നു. ബാലറ്റിലൂടെ അധികാരത്തിൽവന്ന സർക്കാരുകൾ ക്ഷേത്രങ്ങളെയും വിശ്വാസങ്ങളെയും സംരക്ഷിക്കാനുള്ള ലക്ഷ്യത്തോടെയാണ് ദേവസ്വം ബോർഡുകൾ ആരംഭിച്ചത്. അല്ലാതെ ഒരു വർഗ്ഗീയവാദിയും സൃഷ്ടിച്ചതല്ല കേരളത്തിലെ ദേവസ്വം ബോർഡുകൾ എന്നത് ഏറെ അഭിമാനകരമായ ഒരു വസ്തുതയാണ്. കാലങ്ങൾ മാറുന്നതനുസരിച്ച് എല്ലാ ദുരാചാരങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. ക്ഷേത്രങ്ങളിൽ അവർണ വിഭാഗക്കാരെ പ്രവേശിപ്പിക്കില്ലെന്ന് പ്രഖ്യാപിച്ച നാട്ടിൽ, അവർണരെ തടഞ്ഞ നാട്ടിൽ, പ്രക്ഷോഭത്തിലൂടെ പ്രത്യക്ഷമായി എതിർക്കാതെ മാനസികമായി പരാജയപ്പെടുത്തിക്കൊണ്ടാണ് ശ്രീനാരായണഗുരുവിന് 'ജാതിഭേദം മതദ്വേഷം-ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന-മാതൃകാസ്ഥാനമാണിത് എന്ന് പ്രഖ്യാപിക്കാൻ കഴിഞ്ഞത്.

നാട്ടുരാജ്യങ്ങളിൽനിന്ന് അമ്പലങ്ങളുടെ മേൽനോട്ടം സർക്കാർ ഏറ്റെടുക്കുമ്പോൾ പല ക്ഷേത്രങ്ങളും തകർച്ചയുടെ വക്കിലായിരുന്നു. അതുകൊണ്ടുതന്നെ സർക്കാരിന്റെ സ്ഥാപനങ്ങളിൽപ്പെടുന്ന കേരളത്തിലെ വിവിധ ദേവസ്വം ക്ഷേത്രങ്ങളും നിലവിലുണ്ട്. നമ്മുടെ സർക്കാർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരടക്കം നിരവധി അബ്രാഹ്മണരെ പി.എസ്.സി. മാതൃകയിൽ എഴുത്തുപരീക്ഷയും അഭിമുഖവും നടത്തി ശാന്തിമാരായി നിയമിക്കുകയാണ്. ജാതിയല്ല മാനദണ്ഡമാക്കേണ്ടതെന്നും പൂജാവിധികളിലെ അറിവാണ് മാനദണ്ഡമെന്നും ബഹു. സുപ്രീംകോടതി പറഞ്ഞു കഴിഞ്ഞു. മുന്നാക്ക വിഭാഗക്കാരെയും പിന്നാക്ക വിഭാഗക്കാരെയും ശാന്തിമാരായി നിയമിച്ച് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റതായ നിലയിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ വിവിധ സാമുദായിക സംഘടനാ നേതാക്കളും വിശ്വാസ സമൂഹങ്ങളും നൽകുന്ന പിന്തുണ ഇന്ന് കേരളത്തിൽ വലിയ തോതിൽ ഗവൺമെന്റിനും ദേവസ്വം ബോർഡിനും ലഭിച്ചുകൊണ്ടിരിക്കുകയാണ്. വിശ്വാസത്തെ സംരക്ഷിച്ചുകൊണ്ടുതന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന

ഭരണസംവിധാനങ്ങളിൽ വിശ്വാസിയുടെ ക്ഷേമം പരമപ്രധാനമാണെന്ന് പിണറായി സർക്കാർ പ്രവൃത്തിയിലൂടെ തെളിയിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ ആ കാര്യത്തിൽ നടത്തിയിട്ടുള്ള ഇടപെടൽ മാതൃകാപരമാണ്. ശബരിമലയിൽ കഴിഞ്ഞ വർഷം അമ്പത്തിമൂന്നുലക്ഷത്തി അറുപതിനായിരത്തിൽപ്പരം ഭക്തരാണ് ദർശനം നടത്തിയത്. ഒരു പരാതിയും വിവാദവുമില്ലാതെ മണ്ഡലകാലത്തും മകരവിളക്ക് കാലത്തും ഭംഗിയായി തീർത്ഥാടനം പൂർത്തീകരിക്കുവാനായി ദേവസ്വം വകുപ്പുമന്ത്രിയും തിരുവിതാംകൂർ ദേവസ്വം ബോർഡും നടത്തിയിട്ടുള്ള പ്രവർത്തനം എത്രകണ്ട് അഭിനന്ദിച്ചാലും മതിയാകില്ല. 50 വർഷക്കാലമായി ശബരിമലയിൽ ദർശനം നടത്താനെത്തുന്ന തമിഴ്നാട് ദേവസ്വം വകുപ്പുമന്ത്രി ഇത്തവണ മൂന്ന് പ്രാവശ്യമാണ് എത്തിയത്. ഇത്രയും സുഗമമായ തീർത്ഥാടനം വേറെയില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. 20 ലക്ഷം സ്ത്രീകൾ പൊങ്കാലയിടുന്ന ആറ്റുകാലിൽ ഒരു പരാതിയുമില്ലാതെ ഭംഗിയായി നടപ്പാക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിൽ ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം അതിന്റെ

പ്രവർത്തനങ്ങൾ ഏറ്റവും മികച്ച നിലയിൽ തന്നെ മുന്നോട്ടു കൊണ്ടുപോകുമ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അവതരിപ്പിച്ച ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലിനെക്കുറിച്ച് ചില കാര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്.

1970 നവംബർ 30-നാണ് ഗുരുവായൂരിൽ തീ പിടുത്തം ഉണ്ടാകുന്നത്. തുടർന്ന് 1971 മാർച്ച് 9-നാണ് ഗുരുവായൂർ ദേവസ്വം നിലവിൽ വരുന്നത്. 1978-ൽ പരിഷ്ക്കരിച്ച നിയമമനുസരിച്ചാണ് ഗുരുവായൂർ ദേവസ്വത്തിൽ ഭരണം ഇപ്പോഴും നടന്നുവരുന്നത്. ഇന്ന് ലക്ഷക്കണക്കിന് ഭക്തർ എത്തിച്ചേരുന്ന ഒരു ക്ഷേത്രമാണ് ഗുരുവായൂർ ക്ഷേത്രം. ശബരിമലയിലും മറ്റു പല ക്ഷേത്രങ്ങളിലും ചില സീസണുകളിലാണ് ഭക്തജനങ്ങൾ എത്തുന്നത്. പക്ഷേ, ഗുരുവായൂരിന്റെ സാഹചര്യം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. 1978-ലെ പരിഷ്ക്കരിച്ച ഭേദഗതിയനുസരിച്ച് കാര്യങ്ങൾ മുന്നോട്ട് പോകുമ്പോഴുണ്ടാകാവുന്ന ചില പ്രയാസങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സഭ മുമ്പാകെ ചൂണ്ടിക്കാണിച്ചിരുന്നു. ഗുരുവായൂരിൽ 1970-നു ശേഷം ഭക്തജനങ്ങളുടെ എണ്ണം ഏകദേശം 15-16 ഇരട്ടിയായി വർധിച്ചു. ചില മാസങ്ങളിൽ, ഒരു ദിവസത്തിനിടെ 300 വിവാഹങ്ങൾ നടക്കുന്ന

നിലയിലേയ്ക്ക് ഗുരുവായൂർ ക്ഷേത്രം മാറിയിട്ടുണ്ട്. അവിടെ ഭക്തജനങ്ങൾക്ക് ദർശനം ലഭിക്കാനായി ശരാശരി 6-7 മണിക്കൂർ ക്യൂവിൽ നിൽക്കേണ്ടിവരുന്നു. അതുകൊണ്ട് ശബരിമല മാസ്റ്റർ പ്ലാൻ പോലെതന്നെ ഗുരുവായൂരിനും ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഗവൺമെന്റ് കുറെയധികം കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. അതിനെയൊന്നും ചെറുതായി കാണുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് മുൻകൈയെടുത്ത് ഐ.എ.എസ്. റാങ്കിലുള്ള ഒരു സ്പെഷ്യൽ ഓഫീസർക്ക് ചുമതല നൽകിക്കൊണ്ട് ഗുരുവായൂർ ക്ഷേത്രത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഗുരുവായൂർ ക്ഷേത്രത്തിനകത്ത് നിരവധി സൗകര്യക്കുറവുകളുണ്ട്. അതുകൊണ്ടുതന്നെ അതിന്റെ ചുറ്റുപാടും ഏതാണ്ട് 100 മീറ്ററോളം വരുന്ന സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഗുരുവായൂർ ക്ഷേത്രത്തെ സംബന്ധിച്ച് പറയുമ്പോൾ, ഏറ്റവും അഭിനന്ദിക്കേണ്ട സ്ഥാപനമാണ് ഗുരുവായൂർ നഗരസഭ. ആ നഗരസഭയുടെ പ്രവർത്തനം ഏറെ ശ്ലാഘനീയമാണ്. ക്ഷേത്രത്തിനകത്ത് തന്ത്രിയ്ക്കാണ് കാര്യങ്ങളെല്ലാം തീരുമാനിക്കാനുള്ള അവകാശമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ട്.

അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങളാണ് സ്വീകരിക്കേണ്ടത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 50,000 രൂപയാണ് ദേവസ്വത്തിന്റെ കമ്മിറ്റിക്ക് ചെലവഴിക്കുവാനുള്ള അവകാശമെന്ന് സൂചിപ്പിച്ചു. അത് 1 ലക്ഷം രൂപയായി ഉയർത്താൻ കഴിയുമെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് പറയാനുള്ളത്. ഈ ക്ഷേത്രത്തിൽ രാവിലെ 3 മണിക്ക് നിർമ്മാല്യ ദർശനം ആരംഭിക്കുന്നു. രാത്രി ക്ഷേത്രം അടയ്ക്കുന്നതുവരെ ഏകദേശം 10 മണിക്കൂർ 50 മിനിറ്റാണ് ദർശനത്തിനുവേണ്ടി ഭക്തർ ക്യൂ നിൽക്കുന്നത്. ദർശനത്തിനുവേണ്ടി ക്യൂ നിൽക്കുന്ന ഭക്തരുടെ നിര നീണ്ടുകൊണ്ടേയിരിക്കുകയാണ്. ദർശനം എപ്പോൾ ലഭിക്കുമെന്ന് അറിയാത്തതുകൊണ്ടുതന്നെ വലിയ അനിശ്ചിതത്വം ഉണ്ടാവുകയാണ്. ഭക്തരുടെ മാനസിക സംഘർഷം, അസ്വസ്ഥത തുടങ്ങിയവ കാരണം അവരെല്ലാം ജീവനക്കാർക്കെതിരെ തിരിയുന്നതടക്കമുള്ള സാഹചര്യങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ലക്ഷക്കണക്കിന് ഭക്തജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനും അതിനാവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും വേണ്ട നടപടികൾ

സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ പ്രത്യേകം സൂചിപ്പിക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം, ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് ലോകത്തുള്ള എല്ലാ അയ്യപ്പ ഭക്തർക്കും എത്തിച്ചേരാൻ കഴിയുന്ന വലിയൊരു സംവിധാനത്തിലേയ്ക്ക് ശബരിമല മാറിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ ഭരണത്തിൽവന്നതിനുശേഷം അവിടെ നടത്തിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പല ഘട്ടങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട് ആഗോള അയ്യപ്പ സംഗമം നടത്തുന്നത് ലോകമെമ്പാടുമുള്ള ഭക്തജനങ്ങൾക്ക് അതിന്റെ സന്ദേശം എത്തിക്കാൻ സാധിക്കുമെന്ന് മാത്രമല്ല, അയ്യപ്പനെ വിശ്വസിക്കുന്ന ഭക്തരെ സംബന്ധിച്ചിടത്തോളം വലിയ സന്തോഷത്തോടും താത്പര്യത്തോടുമാണ് അവർ ഇതിനെ കാണുന്നത്. നിർഭാഗ്യമെന്നുപറയട്ടെ, ഈ ആഗോള അയ്യപ്പ സംഗമത്തിനെതിരെ പ്രതിപക്ഷം യോഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആഗോള അയ്യപ്പ സംഗമത്തെ സംബന്ധിച്ച് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കാൻ ചില ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ എത്രത്തോളം ശരിയാണെന്ന് അവർ ആലോചിക്കേണ്ടതാണ്. ഈ

ഗവൺമെന്റ് വന്നതിനുശേഷം ആഗോള അയ്യപ്പ സംഗമം മാത്രമല്ല, ശബരിമല റോപ്പ് വേ പദ്ധതിക്ക് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനായി 27.6 കോടി രൂപ വകയിരുത്തി അതിന് പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആഗോള അയ്യപ്പ സംഗമത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. 2018-ൽ കോൺഗ്രസ്സിന്റെ ഒരു നേതാവ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധ്യക്ഷനായിരുന്ന സന്ദർഭത്തിൽ പമ്പാ സംഗമം നടത്തിയിരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അയ്യപ്പ ഭക്തരും, ആറ് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കുകയും അന്നത്തെ തമിഴ്നാടിന്റെ മുഖ്യമന്ത്രി ശ്രീ. ഒ. പനീർശെൽവം ഉദ്ഘാടനം ചെയ്തുമായ പമ്പാ സംഗമത്തോട് സഹകരിച്ചവർ ഇന്ന് സഹകരിക്കാതിരിക്കുന്നതിന്റെ ഔചിത്യമെന്താണെന്ന് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഏതുകാലഘട്ടത്തിലും ഇത്തരത്തിലുള്ള കാര്യങ്ങളോട് സഹകരിക്കാനാണ് ഇടതുപക്ഷം തയ്യാറായിട്ടുള്ളത് എന്നതിൽ തർക്കമില്ല. ഇവിടെ ആരുടെ

താത്പര്യത്തിനുവേണ്ടിയാണെന്ന് വ്യക്തമല്ല. ഈ ആഗോള അയ്യപ്പ സംഗമം കൊണ്ട് ലക്ഷ്യമാക്കുന്നത് വളരെ വ്യക്തമായിതന്നെ ഞാൻ മുമ്പ് സൂചിപ്പിച്ചിരുന്നു. ഇത് നിർഭാഗ്യകരമായ കാര്യമാണ്. സംഘപരിവാർ ഇതിനെ എങ്ങനെ നേരിടുന്നതെന്ന് നമുക്ക് മനസ്സിലാകും. പക്ഷെ, സംഘപരിവാറിനോടൊപ്പം പ്രതിപക്ഷം ഇതിനെ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് സംബന്ധിച്ച കാര്യത്തിലാണ് ഒരു വ്യക്തതയുമില്ലാത്തത്. ദേവസ്വം വകുപ്പിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്ലാഘനീയമായ നിലയിൽ ഭക്തജനങ്ങളുടെ എല്ലാ അവകാശങ്ങളെയും അവർക്കുള്ള എല്ലാ സ്വാതന്ത്ര്യവും അംഗീകരിച്ചുകൊടുത്തുകൊണ്ടുതന്നെ കേരളത്തിലെ ഏറ്റവും മികച്ച നിലയിലാണ് ഓരോ ദേവസ്വം ബോർഡുകളുടെയും കാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. ആ കാര്യം സൂചിപ്പിച്ചുകൊണ്ടുതന്നെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അവതരിപ്പിച്ച ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

(തുടരും)